മറ്റൊരു ജോലിക്കും പോകാതെ വർഷങ്ങളായി സെക്രട്ടേറിയറ്റിൽ തുടരുന്നവരാണ്. ഇവരിൽ പലർക്കും 50 വയസ്സ് പൂർത്തിയായതിനാൽ മറ്റൊരു ജോലിക്കും സാദ്ധ്യത ഇല്ലെന്നുകണ്ട് ഇവിടെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ വീണ്ടും പരിശോധിക്കുകയും പി.എസ്.സി.-യുടെ ഉപദേശം മറികടന്നുകൊണ്ട് 7-4-2005-ൽ മന്ത്രിസഭാ തീരുമാന പ്രകാരം റിപ്പോർട്ട് ചെയ്ത 50 ഒഴിവുകളിൽ 23 എണ്ണം പിൻവലിച്ചുകൊണ്ട് മേൽപ്പടി 27 സെക്യൂരിറ്റി ഗാർഡുമാരെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്ത സാഹചര്യം ഇതാണ്. സെക്രട്ടേറിയറ്റ് ശുചീകരണ വിഭാഗത്തിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ 2001 മുതൽ മോളി ജോലി നോക്കി വരുന്നു. സാമ്പത്തിക പരാധീനത കാരണം ജീവിതം മുന്നോട്ടുപോകാൻ ബുദ്ധിമുട്ടിയിരുന്ന മേൽപ്പടി ജീവനക്കാരി നിലവിൽ ഒഴിവുവരുന്ന ശുചീകരണവിഭാഗത്തിൽ നിയമിക്കണമെന്ന് അപേക്ഷിക്കുക ഉണ്ടായി. മോളിയുടെ അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. മോളി ആകെ 771 ദിവസം സെക്രട്ടേറിയറ്റിൽ ദിവസക്കൂലി വ്യവസ്ഥയിൽ ജോലി ചെയ്തിട്ടുണ്ട്. ഇത്രയും കാലത്തെ ജോലി പരിചയം മുൻനിർത്തിയും സാമ്പത്തിക പരാധീനത കണക്കിലെടുത്തും മോളിയുടെ ആവശ്യം പ്രത്യേക കേസായി പരിഗണിച്ച് പാർട്ട് ടൈം ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നിയമിക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥയിൽ ഇളവു വരുത്തി അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ പാർട്ട്-ടൈം-സ്വീപ്പർ-കം-സാനിട്ടേഷൻ വർക്കറായി നിയമിച്ചു. 2001 മുതൽ വർക്ക് ചെയ്യുന്നവരാണ്. പാർട്ട് ടൈം സ്വീപ്പറുടെ നിയമന കാര്യമാണല്ലോ ബഹുമാനപ്പെട്ട മത്തായി ചാക്കോ പറഞ്ഞത്. സെക്രട്ടേറിയറ്റിലെ ദിവസക്കൂലി വ്യവസ്ഥയിൽ 2 വർഷവും 10 മാസവും ജോലി നോക്കിയിരുന്ന രാജീവിന്റെ സേവന ദൈർഘ്യവും സാമ്പത്തിക പരാധീനതയും പരിഗണിച്ച് 2-1-2005-ലെ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിൽ പാർട്ട് ടൈം ഗാർഡനറായി നിയമിച്ചു. ഇതെല്ലാം പി.എസ്.സി.-ക്കു വിടണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ നയം. പി.എസ്.സി.-ക്കു വിടുമ്പോൾ മെരിറ്റ് നോക്കും, റിസർവേഷൻ നോക്കും. പക്ഷേ ചില പ്രത്യേക സാഹചര്യത്തിൽ ചിലതൊക്കെ ചെയ്യേണ്ടിവരും.

(11) വാടാനപ്പിള്ളി-കണ്ടശ്ശാങ്കടവ്-കാഞ്ഞാണി തൃശ്ശൂർ ലിങ്ക് റോഡിന്റെ പണി

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, തൃശ്ശൂർ ജില്ലയിൽ എൻ.എച്ച്. 17-നേയും എൻ.എച്ച് 47-നേയും തമ്മിൽ ബന്ധിപ്പിക്കുന്ന വാടാനപ്പിള്ളി-കണ്ടശ്ശാങ്കടവ്-കാഞ്ഞാണി തൃശ്ശൂർ റോഡ് ഏറ്റവും വാഹനത്തിരക്കും ഗതാഗത കുരുക്കും അനുഭവപ്പെടുന്ന പ്രധാനപ്പെട്ട റോഡാണ്. ഇതിന്റെ മുന്തിയ പ്രാധാന്യം കണക്കിലെടുത്ത് ഈ റോഡ് വേൾഡ് ബാങ്ക് സ്കീമിൽപ്പെടുത്തി ഉടൻ പണി ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു. ഇതിനുവേണ്ടി പല പ്രാവശ്യം പരിശ്രമിച്ചിട്ടും ഫലമില്ലാതെ വന്നതു കൊണ്ടാണ് ഇപ്പോൾ ഈ സബ്മിഷൻ ഉന്നയിക്കേണ്ടിവന്നത്. ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് റോഡിന്റെ ഇരുവശത്തുമുള്ള ഭൂമി അക്വിസിഷൻ നടപടിയിലൂടെ ഏറ്റെടുത്ത് വീതി കൂട്ടാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം .കെ. മുനീർ) : സർ, തൃശ്ശൂർ ജില്ലയിൽ എൻ.എച്ച്. 17-ഉം എൻ.എച്ച് 47-മായി ബന്ധപ്പെട്ട 16 കിലോമീറ്റർ ദൂരമുള്ള വാടാനപ്പിള്ളി-കണ്ടശ്ശാങ്കടവ്-കാഞ്ഞാണി തൃശ്ശൂർ ലിങ്ക് റോഡ് ലോക ബാങ്കിന്റെ സഹായത്തോടെ ഏറ്റെടുക്കാൻ ഉദ്ദേശിച്ചെങ്കിലും സ്ഥലം കൃത്യമായി ലഭിക്കാത്തതിന്റെ പേരിൽ അത് ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. കാഞ്ഞാണി, കണ്ടശ്ശാങ്കടവ്, ഒളരി എന്നീ ടൗണുകളിൽക്കൂടി കടന്നുപോകുന്ന റോഡിന്റെ ഇരുവശവും കെട്ടിടങ്ങൾ ധാരാളം വരുന്നതുകാരണം ഭൂമി സൗജന്യമായി ലഭിക്കുന്നതിന് ബുദ്ധിമുട്ടാണ്. സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്കു മാത്രമേ പണി നടത്താൻ സാധിക്കുകയുള്ളൂ. ലാൻഡ് അക്വിസിഷൻ നടപടിയിലൂടെ സ്ഥലം ലഭ്യമാക്കാൻ എത്രയുംവേഗം നടപടി സ്വീകരിക്കും.

മി. സ്പീക്കർ : എൻ.എച്ച് 17-ഉം എൻ.എച്ച്. 47-ഉം തമ്മിലുള്ള കണക്ടിംഗ് റോഡായതുകൊണ്ട് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കാൻ നിർദ്ദേശം കൊടുത്തുകൂടേ ?

ശ്രീ. എം. കെ. മുനീർ : അങ്ങനെ ഒരു പ്രൊപ്പോസൽ കിട്ടിയാൽ ഗവണ്മെന്റ് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കും.

(12). മലയാളം ന്യൂസ് സ്റ്റാഫ് റിപ്പോർട്ടർക്ക് നേരെയുണ്ടായ പോലീസ് കയ്യേറ്റം

ശ്രീ. പി. നാരായണൻ : സർ, സൗദി അറേബ്യയിലെ പ്രമുഖ മലയാളപത്രമായ മലയാളം ന്യൂസിന്റെ സ്റ്റാഫ് റിപ്പോർട്ടറും പത്രപ്രവർത്തക യൂണിയൻ അംഗവുമായ ശ്രീ. സനൽകുമാറിനെ 6-2-2006-ന് രാത്രി 12 മണിക്ക് വൈക്കം ബസ് സ്റ്റാന്റിൽ വച്ച് കള്ളനെന്ന് പറഞ്ഞ് തടഞ്ഞുവച്ച് അസഭ്യം വിളിക്കുകയും കയ്യേറ്റം ചെയ്യുകയും പ്രസ് അക്രഡിറ്റേഷൻ കാർഡും കെ.എസ്.ആർ.ടി.സി. യാത്രാപാസും പിടിച്ചുവാങ്ങി നശിപ്പിക്കുകയും ചെയ്ത സംഭവമുണ്ടായി. കോട്ടയത്തേക്ക് ബസ് കാത്തുനിൽക്കവെ സ്റ്റാന്റിൽ റോന്ത് ചുറ്റിയ പോലീസ് ശ്രീ. സനൽകുമാറിനെ തടഞ്ഞുവച്ച് കള്ളനെന്ന് പറഞ്ഞ് ചോദ്യം ചെയ്യാൻ ആരംഭിച്ചപ്പോൾ താൻ പത്രപ്രവർത്തകനാണെന്നതിനുള്ള പ്രസ് അക്രഡിറ്റേഷൻ കാർഡും കെ.എസ്.ആർ.ടി.സി. യാത്രാ പാസും കാണിച്ചപ്പോൾ രണ്ട് പാസും പിടിച്ചുവാങ്ങി വലിച്ചെറിയുകയുണ്ടായി. ഇതൊക്കെ ഏതൊരു കള്ളനും കൊണ്ടുനടക്കാവുന്ന വ്യാജരേഖകളാണെന്ന് പറഞ്ഞ് അസഭ്യം പറയുകയും കയ്യേറ്റം ചെയ്യുകയും ചെയ്തു. തുടർന്ന് ശ്രീ. സനൽകുമാർ കോട്ടയം എസ്.പി.-ക്ക് പരാതി നൽകി. ഈ സംഭവത്തിൽ പത്രപ്രവർത്തക യൂണിയനും ശക്തമായി പ്രതിഷേധിച്ചിട്ടുണ്ട്. ഈ സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷിക്കുകയും കുറ്റക്കാരുടെ പേരിൽ അടിയന്തിര നടപടി ഉണ്ടാകുകയും ചെയ്യണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : കോട്ടയം വൈക്കം ബസ് സ്റ്റാന്റിൽ ബസ് കാത്തുനിന്നിരുന്ന മലയാളം ന്യൂസിന്റെ സ്റ്റാഫ് റിപ്പോർട്ടറായ ശ്രീ. സനൽകുമാറിനോട്

LIBRARY ARCHIVES Kerala Legislative Assembly